# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **1694** **5/12/2014** ൽ മറുപടിയ്ക്ക്

## വിഷാംശം ഇല്ലാത്ത പച്ചക്കറികൾ ലഭ്യമാക്കാൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ.വി. വിജയദാസ് | | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) അന്യസംസ്ഥാനങ്ങളിൽ നിന്നും മാരകമായ കീടനാശിനികൾ ഉപയോഗിച്ച് കൃഷി ചെയ്തെടുക്കുന്ന പച്ചക്കറികൾ കേരളത്തിൽ വില്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള കാർഷിക സർവ്വകലാശാലയുടെ പെസ്റ്റിസൈഡ് റെസഡ്യൂ ടെസ്റ്റിംഗ് ലാബിൽ നടത്തിയ പരിശോധനയിൽ കറിവേപ്പില, പുതിനയില, ക്വാളിഫ്ളവർ, ചുവപ്പ് ചീര, പച്ചമുളക്, കാപ്സിക്കം, കാബേജ്, തക്കാളി, പയർ, എന്നിവയിൽ അമിതമായതോതിൽ കീടനാശിനിയുടെ അളവ് കണ്ടെത്തിയിട്ടുണ്ട്. |
| (ബി) ഇപ്രകാരം കേരളത്തിൽ എത്തിച്ചേരുന്ന പച്ചക്കറികൾ പിടിച്ചെടുത്ത് നശിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | ഇല്ല |
| (സി) കേരളത്തിലെ ജനങ്ങൾക്ക് വിഷാംശം ഇല്ലാത്ത പച്ചക്കറികൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ? | (സി) | പച്ചക്കറികളിൽ കീടനാശിനിയുടെ ഉപയോഗം കണ്ടെത്തിയ സാഹചര്യത്തിൽ മുഖ്യമന്ത്രി ഒരു അടിയന്തിരയോഗം വിളിച്ചുകൂട്ടി ഈ യോഗത്തിൽ എടുത്ത തീരുമാനങ്ങൾ അനുസരിച്ച് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് പച്ചക്കറികൾ നിയമപ്രകാരം ശേഖരിച്ച് അവ കാർഷിക സർവ്വകലാശാലയുടെ പെസ്റ്റിസൈഡ് റെസഡ്യൂ ടെസ്റ്റിംഗ് ലാബിൽ അയച്ച് പരിശോധന നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഇവിടെ നിന്നും ലഭിക്കുന്ന പരിശോധനാ ഫലങ്ങളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം കീടനാശിനികളുടെ അളവ് കൂടുതലാണെങ്കിൽ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ചെക്ക് പോസ്റ്റുകളിൽ |

കൂടി അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ട് വരുന്ന പച്ചക്കറികളുടെ ഉറവിടം സെയിൽ ടാക്സ് വകുപ്പിന്റെ സഹായത്തോടുകൂടി കണ്ടെത്തി ആ വിവരം അതാതു സംസ്ഥാനങ്ങളിലെ ഭക്ഷ്യസുരക്ഷാ കമ്മീഷ്ണർ മാരുമായി ആലോചിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ ആഭിമുഖ്യത്തിൽ ദക്ഷിണേന്ത്യയിലുള്ള ഭക്ഷ്യസുരക്ഷാ കമ്മീഷ്ണറുടെ യോഗം വിളിക്കുവാനും പ്രശ്നം ചർച്ച ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്.

വിഷാംശം ഇല്ലാത്ത പച്ചക്കറികൾ സംസ്ഥാനത്ത് തന്നെ ഉല്പാദിപ്പിക്കുന്നതിനും പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തത കൈവരിക്കുവാനും ലക്ഷ്യമിട്ട് സമഗ്ര പച്ചക്കറി കൃഷി വികസന പദ്ധതി നടപ്പിലാക്കി വരുന്നു.

**സെക്ഷൻ ഓഫീസർ**